**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1931** **12-09-2023 - ൽ മറുപടിയ്ക്ക്**

**സംയോജിത പുനരധിവാസ ഗ്രാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കടയിൽ ഭിന്നശേഷിക്കാർക്ക് വേണ്ടി സംയോജിത പുനരധിവാസ ഗ്രാമം ആരംഭിക്കുന്നതിനുള്ള നടപടികളുടെ പൂർണ്ണ വിവരം ലഭ്യമാക്കാമോ; ആയതിന്റെ തുടർനടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള പുനരധിവാസഗ്രാമം ആരംഭിക്കുന്നതിനായി കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലം വിനിയോഗിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനായി ബഹു. സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10.11.2022-ന് യോഗം ചേർന്നിരുന്നു. സാമൂഹ്യനീതി വകുപ്പിന് ഭൂമി കൈമാറിക്കിട്ടുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുവാൻ പ്രസ്തുത യോഗത്തിൽ സാമൂഹ്യനീതി ഡയറക്ടറെ ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി ഡയറക്ടർ ഭൂമി കൈമാറി നൽകണമെന്ന് അഭ്യർത്ഥിച്ച് ഗ്രാമപഞ്ചായത്തിന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത 50 സെന്റ് ഭൂമി വകുപ്പിന് ലഭ്യമാകുന്ന മുറയ്ക്ക് അതിൽ ആരംഭിക്കാവുന്ന പുനരധിവാസഗ്രാമത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതും പുനരധിവാസ ഗ്രാമത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ